# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചുനക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: ksa/alp/P12-381/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചുനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/alp/P12-381/2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 19-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി.മായാദേവി.സി.എസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനേഷ് കുമാർ.ജി സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശാന്താഗോപാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഹരികുമാർ.കെ.ജി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സരിത | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രഞ്ചു | ഐ.സി.ഡി.എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| രാധാകൃഷ്ണൻ | സൂപ്പർവൈസർ | | |
| ഡോ. സേതു മാധവൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീമതി .ഉമ.ഡി | ഹെഡ് മിസ്ട്രസ്സ് (ഗവ.എൽപി.എസ്.) | 01-04-2019 | 31-03-2020 |
| ശ്രീ.ബിനോദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുചിത്രലത.ജി.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതിഗിരിജ രാജശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-03-2019 | 31-03-2020 |
| ശ്രീ. നവാസ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ബീന റിഷി | ഡയറി ഫാം ഇൻസട്രക്ട്രർ | 01-04-2019 | 31-03-2020 |
| ഡോ.ജസീമ ബീഗം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 26-08-2019 |
| ഡോ.ഗിരിജാനന്ദ്.എം.എസ് | മെഡിക്കൽ ഓഫീസർ | 27-08-2019 | 04-09-2019 |
| ഡോ.നിസി ഖാൻ | മെഡിക്കൽ ഓഫീസർ | 05-09-2019 | 09-12-2019 |
| ഡോ.ഗിരിജാനന്ദ്.എം.എസ് | മെഡിക്കൽ ഓഫീസർ | 09-12-2019 | 14-03-2020 |
| ഡോ.രാജി. ആർ | മെഡിക്കൽ ഓഫീസർ | 14-03-2020 | 31-03-2020 |
| ഡോ.ലക്ഷ്മി.ഐ | വെറ്ററിനറി സർജൻ | 01-04-2019 | 27-07-2019 |
| ഡോ.തോമസ്.മാത്യു | വെറ്ററിനറി സർജൻ | 27-07-2019 | 31-03-2020 |

..

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 09-04-2021) | 1-1 |
| 2 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: C.S Mayadevi (Asst. Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 09-04-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 23-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-10 |
| 11 | ഇടെണ്ടർ ഫീ ട്രാൻസ്ഫർ ചെയ്യേണ്ട തുകയുടെ വിവരംലഭ്യമല്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2021) | 1-11 |
| 12 | വാടക ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് തികഞ്ഞ അനാസ്ഥ തുടരുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-12 |
| 13 | സാമൂഹ്യ ആരോഗ്യ കേന്ദ്ര ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതികൾ - തുക മുൻകൂർ നൽകി മരുന്ന് പൂർണ്ണമായി ലഭിച്ചില്ല<br>Written By: Maneshkumar G (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-13 |
| 14 | തെരുവ് വിളക്ക് പരിപാലനം - ഉപയോഗിച്ച തെരുവ് വിളക്കുകളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 31-03-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 31-03-2021) | 1-14 |
| 15 | പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Maneshkumar G (Senior Grade Auditor, On 30-03-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-03-2021) | 1-15 |
| 16 | കാലിത്തൊഴുത്ത് നവീകരണം - തുക അധികം ചെലവഴിച്ചു<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-16 |
| 17 | അഗതി ആശ്രയ - ജില്ലാപഞ്ചയത്ത് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-17 |
| 18 | ഐ എസ് ഒ സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള വാങ്ങലുകൾ- പ്രോക്യൂർമെന്റ് മാനുവൽ പാലിച്ചില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-18 |
| 19 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 1-19 |

| | | |
|---|---|---|
| | Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2021) | |
| 20 | റോഡ് പ്രവർത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-20 |
| 21 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണം- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Maneshkumar G (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-21 |
| 22 | നിക്ഷേപ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-22 |
| 23 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ബില്ലിൽ ജി എസ് റ്റി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 09-04-2021) | 1-23 |
| 24 | സി.എച്ച്.സി.മെഡിക്കൽ ഓഫീസർ (അലോപ്പതി) നടത്തിയ ആരോഗ്യ ജാഗ്രതാ ശുചീകരണപ്രവൃത്തികൾ -ചെലവു രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-24 |
| 25 | തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല- വൈദ്യുതചാർജ്ജ് ഇനത്തിൽ .<br>Written By: Maneshkumar G (Senior Grade Auditor, On 30-03-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 31-03-2021) | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതി- അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 24-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 1-26 |
| 27 | ജോയിന്റ് വെൻചർ പദ്ധതികൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിയ്ക്കുന്ന തുക തിരികെ അടയ്ക്കുന്നില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-27 |
| 28 | ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: C.S Mayadevi (Asst. Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-28 |
| 29 | ലൈഫ് പദ്ധതി അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാലിത്തൊഴുത്ത് നവീകരണം - തുക അധികം ചെലവഴിച്ചു<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 25-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 25-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 25-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്<br>Written By: Mini.P.Radhakrishnan (Audit Officer, On 27-03-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019- 20 വർഷത്തെ ബജറ്റ് 14-02-2019 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 17-03-2020 ലെ 1ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 19,97,23,874 | 19,54,64,832 |
| വാർഷിക കണക്ക് പ്രകാരം | 56585204 | 57597925 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും,വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് വാസ്തവികമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളുടെ പരിശോധന

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2020 | 30/07/2020 |

വാർഷിക കണക്കുകൾപരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു

1) വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ ,ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | | | വാർഷികകണക്ക് പ്രകാരം | | | |
|---|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
| തൊഴിൽ നികുതി (ട്രേഡേഴ്സ്) | 290660 | 290660 | 0 | 292160 | 289060 | 0 | യഥാർത്ഥ ഡിമാന്റ് 292160 രൂപയാണ് . എന്നാൽ 2018-19വർഷം തൊഴിൽ നികുതി ഇനത്തിൽ അഡ്വാൻസായി ലഭിച്ച 4600 രൂപയിൽ 1500 രൂപ ഡി & ലൈസൻസ് ഇനത്തിലെ വരവായി തെറ്റായി ചേർത്തിരിക്കുന്നു. |
| തൊഴിൽ നികുതി (ജീവനക്കാർ) | 833560 | 833560 | 0 | 833560 | 819710 | 0 | വാർഷിക കണക്ക് പ്രകാരം വരേണ്ട നീക്കിയിരിപ്പ് തുക 13850 രൂപ. എ്നനാൽ B-15 ഷെഡ്യൂളിൽ നീക്കിയിരിപ്പ് 0 എന്ന രേഖപ്പെടുത്തിയിരിക്കുന്നു. |
| ഡി & ഓ ലൈസൻസ് | 153750 | 153750 | 0 | 152250 | 152250 | 0 | യഥാർത്ഥ ഡിമാന്റ് 152250 രൂപയാണ് എന്നാൽ 2018-19വർഷം തൊഴിൽ നികുതി ഇനത്തിൽ അഡ്വാൻസായി ലഭിച്ച് 4600 രൂപയിൽ 1500 ഡി & ലൈസൻസ് ഇനത്തിലെ വരവായി തെറ്റായി ചേർത്തിരിക്കുന്നു. 'ടി തുക കൂടി ഉൾപ്പെടുത്തിയാണ് ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. |

2) താഴെ ചേർത്തിട്ടുള്ള ഇനങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായിപൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| അദർ ഡെപ്പോസിറ്റ്സ് (വരവ്) | 57391 | 60391 |
| അദർ ഡെപ്പോസിറ്റ്സ് (ചെലവ്ഃ | 65870 | 62870 |

3) വാർഷിക കണക്കിലെ B-4 ഷെഡ്യൂളിൽ താഴെ ചേർത്തിട്ടുള്ള വികസന ഫണ്ട് തുകകൾ നീക്കിയിരിപ്പുള്ളതായി ചേർത്തിരിക്കുന്നു

| ഇനം | തുക |
|---|---|
| വികസനഫണ്ട് (ജനറൽ)ക്യാപ്പിറ്റൽ | 90000 |
| വികസനഫണ്ട് (എസ് സി പി)ക്യാപ്പിറ്റൽ | 1866500 |
| വികസനഫണ്ട് സി എഫ് സി | 400000 |

മേൽ അപാകതകൾ പരിഹരിച്ച് പുതുക്കിയ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,74,48,253.80 |
| വരവ് | 5,65,85,204.00 |
| ആകെ | 7,40,33,457.80 |
| ചെലവ് | 5,7597,925.00 |
| നീക്കിയിരിപ്പ് | 1,6435,532.80 |
| വരവിനങ്ങിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1995362 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ പ്രകാരമുള്ള തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 12224000 | 12224000 | 11740316 | 0 | 483684 |
| വികസന ഫണ്ട്(എസ്സ്.സി.പി) | 0 | 89,89,000 | 89,89,000 | 7458256 | 219832 | 1310912 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 9686000 | 9686000 | 2041389 | 2070639 | 5573972 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 35,68,000 | 35,68,000 | 2371821 | 386910 | 809269 |
| 14ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 93,43,000 | 93,43,000 | 2277854 | 692534 | 6372612 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 194 | 9,28,93,874 | 93 | 41677983 | 73 | 99 | 45% |

2019-20 സാമ്പത്തിക വർഷം 194പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 22 പദ്ധതികൾ പൂർണ്ണമായും 73 പദ്ധതികൾ ഭാഗീകമായും നടപ്പിലാക്കിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ 99പദ്ധതികൾ നടപ്പിലാക്കിയിട്ടുമില്ല. ചെലവ് പത്രിക പ്രകാരം തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 30 | 22 | 11654013 | 6023639 |
| 2 | കൃഷി ഓഫീസർ | 6 | 5 | 8377465 | 4124330 |
| 3 | വെറ്റിനറി സർജൻ | 8 | 8 | 3691980 | 2395480 |
| 4 | വി.ഇ.ഒ | 14 | 13 | 20515080 | 11892510 |
| 5 | ഐ.സി.ഡി.എസ് | 10 | 10 | 5885964 | 5275191 |
| 6 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 1100000 | 1100000 |
| 7 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 3 | 2 | 741008 | 523700 |
| 8 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 800000 | 800000 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 1511000 | 1330336 |
| 10 | അസിസ്റ്റന്റ്എഞ്ചിനീയർ | 104 | 24 | 35827864 | 5911777 |
| 11 | ഹെഡ് മിസ്ട്രസ്സ് | 12 | 5 | 2789500 | 2301020 |
| | ആകെ | 194 | 95 | 92893874 | 41677983 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 81,905 | 9,49,267 | 10,31,172 | 10,21,896 | 9,276 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,02,99,408 | 1,02,99,408 | 1,02,99,408 | |

1-7 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,65,720 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 25,51,200 | 431 |
| വിധവാ പെൻഷൻ | 52,32,600 | 986 |
| വാർദ്ധക്യകാല പെൻഷൻ | 1,35,10,500 | 2738 |
| വികലാംഗ പെൻഷൻ | 16,86,600 | 293 |
| അവിവാഹിത പെൻഷൻ | 2,46,000 | 42 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60,000 | 2 |

1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 137955 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ

താഴെപ്പറയുന്ന ന്യൂനതകൾ ഒഴിച്ച് നിർത്തിയാൽ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്.

1. പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ മോണിട്ടറിംഗ് നടത്തുന്നതിനായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓരോ മേഖലയിലെയും പ്രവർത്തന പുരോഗതി (സ്റ്റാറ്റസ്) ചർച്ച ചെയ്യപ്പെടുകയോ മോണിട്ടറിംഗ് നടത്തുന്നതായോ കാണുന്നില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു തവണ മാത്രം യോഗം ചേരുന്നു. മൃഗസംരക്ഷണം,കൃഷി,പൊതുഭരണം,ദാരിദ്രലഘൂകരണം,ആരോഗ്യം ക്ഷേമം എന്നീ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുന്നില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തുകകൾ റിഫണ്ട് ചെയ്തു നൽകുന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ജനറൽ കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ,പഞ്ചായത്ത് കമ്മറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അടുത്ത കമ്മറ്റിയിൽ പരിശോധിക്കപ്പെടുന്നില്ലായെന്ന് കാണുന്നു.

5. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ വിനിയോഗമില്ലാതെ അക്കൗണ്ടിൽ ശേഷിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-01-2021 | നവംബർ 2020 -ഡിസംബർ2020 | 25-02-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/04/2017 | 2011/12 വരെ | 02/09/2017 |

1-11 ഇടെണ്ടർ ഫീ ട്രാൻസ്ഫർ ചെയ്യേണ്ട തുകയുടെ വിവരംലഭ്യമല്ല

28.09.2013-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന 5ലക്ഷം രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഷെഡ്യൂൾ ഫീ എന്നിവ ഓൺലൈൻ ആയി എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കാൻ നിർദ്ദേശിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം മേൽപ്പറഞ്ഞപ്രകാരം ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള തുകയുടെ വിവരം , മുൻ വർഷങ്ങളിലേതുൾപ്പെടെ ഈ

ഇനങ്ങളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയുടെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 1 തീയതി 19-03-2021) ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം എം.ഐ.എസ് റിപ്പോർട്ട് എടുക്കുവാൻ കഴിയുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം രൂപ ഇടെണ്ടർ ഫീ ഇനത്തിൽ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. ഇ ടെണ്ടർ ഫീസ് എത്രയും വേഗം തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-12 വാടക ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് തികഞ്ഞ അനാസ്ഥ തുടരുന്നു.</u>

1) വാടക തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല.
വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 38384 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ക്രമ
നമ്പർ വാർഡ് നമ്പർ പേര്, അഡ്രസ്സ് ലഭിക്കേണ്ട വാടക ലഭിച്ച വാടക കുടിശ്ശിക
1 III കൃഷ്ണൻ രവി
അയനുവേലിൽ 20880 15660 5220
2 IV രാധാകഷ്ണൻ
കളീയ്ക്കലത്ത് 13396 13376 20
3 XII ഉദയകുമാർ
മണ്ട്യാത്ത് ദേവമംഗലം 33144 0 33144
ആകെ- 38384

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിഴ സഹിതം ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോപ്ലക്സിന്റെ V ാം നമ്പർ മുറി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം ശ്രീ.മുഹമ്മദ് മുസ്തഫ, ഒറ്റത്തെങ്ങുവിളയിൽ, ചുനക്കര എന്ന വ്യക്തിയാണ്. ടിയാളുടെ 2017-18 ലെ വാടക നികുതി ഉൾപ്പടെ 1063 രൂപയായി ചുമത്തിയിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ടിയാളിൽ നിന്നും ലഭിക്കേണ്ട വാർഷിക വാടകത്തുകയായ 12756 രൂപയിൽ ഒരു രൂപ പോലും ഈടാക്കാൻ അധികൃതർക്ക് കഴിഞ്ഞില്ല. എന്നുമാത്രമല്ല 2019-20 സാമ്പത്തിക വർഷം ടിയാൾക്ക് തന്നെ മേൽ കടമുറി അനുവദിച്ച് നൽകുകയും എന്നാൽ പ്രസ്തുത സാമ്പത്തികവർഷവും ടിയാളിൽ നിന്ന് വാടക ഇനത്തിൽ യാതൊരുതുകയും ലഭിക്കാത്ത അവസ്ഥയുണ്ടായി. വാടക ഇനത്തിൽ ലഭിക്കാനുള്ള തുകകൾ ഈടാക്കുന്നതിന് നേരിട്ടോ കത്തിടപാടുകളിലൂടെയോ, നിയമനടപടികളിലൂടെയോ യാതൊരു നീക്കവും ഗ്രാമപഞ്ചായത്ത് സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. വാടക ഇനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിന് നിയമനടപടികൾ ഉൾപ്പടെയുള്ള ക്രമങ്ങൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അധികൃതർ തയ്യാറാവേണ്ടതാണ്.
2)ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് എത്രയെന്ന് സൂചിപ്പിക്കുന്ന വാടകകരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ല. വാടകകുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക് നൽകുമ്പോൾ കരാർ ചമയ്കുന്നില്ല
ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. 2019-20സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ 19 കടമുറികൾ വാടകയ്ക് നൽകിയിട്ടുണ്ടെങ്കിലും ഒരു വാടകക്കാരുമായി മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല. ഗ്രാമപഞ്ചായത്തും വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ ചമക്കാത്തതുമൂലം സർക്കാർ ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും, ഉചിതമായ തുടർ നടപടി സ്വീകരിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

കുടിശ്ശിക ഇനത്തിലുള്ള വാടകത്തുകയും പിരിച്ചെടുക്കുന്നില്ല

2018-19 സാമ്പത്തിക വർഷം കടമുറികളുടെ വാടകഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന 41307 രൂപ പിരിച്ചെടുക്കാൻ 2019-20 സാമ്പത്തിക വർഷവും അധികൃതർക്ക് സാധിച്ചിട്ടില്ല. വാടകത്തുക വാടകക്കാരിൽ നിന്നും ഈടാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തനത് വരുമാനം നഷ്ടപ്പെടുത്താതെ ഈടാക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.ഇതിനെ സസംബന്ധിക്കുന്ന പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സാമൂഹ്യ ആരോഗ്യ കേന്ദ്ര ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനുളള പദ്ധതികൾ - തുക മുൻകൂർ നൽകി മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

2019-20 സാമ്പത്തികവർഷം ഗവ.സി.എച്ച്.സി ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി ലഭിച്ച മരുന്നിന്റെ വില ലഭിക്കാൻ
അവശേഷിക്കുന്ന മരുന്നിന്റെ വില
55/19-20 പാലിയേറ്റീവ് പരിചരണത്തിനാവശ്യമായ മരുന്ന് വാങ്ങൽ. 2,50,000
വികസനഫണ്ട്(ജനറൽ) 00/19-20
24.07.2019 1,72,743 77,257

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തതിനാൽ പാലിയേറ്റീവ് കെയറിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

ഗവ. ഏജൻസികളിൽ നിന്നും മരുന്ന് ലഭിക്കുവാൻ കാലതാമസമുണ്ടാകുന്ന ഇത്തരത്തിലുള്ള സാഹചര്യം മറികടക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ/ ക്വട്ടേഷൻ വിളിച്ച് പുറമേ നിന്നും മരുന്ന് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ( സർക്കുലർ നം.ഡി.എ.1/ 840/17 തസ്വഭവ. തീയതി.16.12.2017).
ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തെരുവ് വിളക്ക് പരിപാലനം - ഉപയോഗിച്ച തെരുവ് വിളക്കുകളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് :തെരുവ് വിളക്ക് പരിപാലനം

പ്രോജക്ട് നം: S005/2020

തെരുവ് വിളക്കുകൾവാങ്ങുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമായി ആവിഷ്കരിച്ച പ്രോജക്ട് പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയതിനും വാഹന വാടക , കരാറുകാരുടെ വേതനം എന്നീ ഇനങ്ങളിലായി 426800 രൂപ (ചെക്ക് നം.2763595/5.2.2020-140800, 2763568/23.11.2019-132000, 2763531/27.7.19-154000) ചെലവഴിച്ചിരുന്നു. തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിന് അടാട്ട് മാതൃകയാണ് അവലംബിച്ചിരുന്നത്.

തെരുവ് വിളക്കുകൾ വാങ്ങുന്നതിന് ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ ടെന്റർ ഹാജരാക്കിയ ഡി & ഡി മാർക്കറ്റിംഗ് ചുനക്കര എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ച് 374820 രൂപ (ക്യാ ബിൽ ) യുടെ ഉപകരണങ്ങൾ വാങ്ങിയിരുന്നു. ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി 2 കരാറുകാരെ 700 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു. അതോടൊപ്പം 800 രൂപ നിരക്കിൽ വാഹനം വാടകയ്ക്കെടുത്തിരുന്നു. പ്രോജക്ട് നടത്തിപ്പിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കരാറുകാരായ അജിത്ത്, ബിജുകുമാർ എന്നിവർക്ക് പൂർണ്ണമായി വിതരണം ചെയ്തിരിക്കുകയാണ്. ഉപകരണങ്ങളുടെ മെയിന്റനൻസ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മാറ്റി സ്ഥാപിച്ച ഉപകരണങ്ങളുടെ വിവരങ്ങളോ സ്ഥാപിച്ചതിന് ശേഷം ബാക്കി നിൽക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് മോണിറ്ററിംഗ് കമ്മറ്റി കൂടിയതായി രേഖയില്ല. കേടായ ഉപകരണങ്ങളുടെ വിവരങ്ങളടങ്ങിയ

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ കരാറുകാരിൽ നിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട ആദായ നികുതി, സോഴിസിൽ നിന്ന് ഈടാക്കേണ്ട ജി എസ് റ്റി എന്നിവ ഈടാക്കിയതായി കാണുന്നില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (നം10/) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ കരാറുകാരുടെ വേതനം, വാഹന വാടക എന്നീ ഇനങ്ങളിലായി ചെലവഴിച്ച 426800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ആദായ നികുതി ഇനത്തിൽ അടയ്ക്കേണ്ട 4268 രൂപ, ജി എസ് റ്റി ഇനത്തിൽ കുറവ് ചെയ്യേണ്ട 8536 എന്നിവ കുറവ് ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ടതാണ്.

1-15 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നിലവിൽ 69563രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. പ്രതിവർഷം 834756 രൂപയാണ് ഈയിനത്തിൽ ചെലവ്. പഞ്ചായത്ത് പരിധിയിൽ ---പൊതുടാപ്പുകൾ നിലവിലുണ്ടെന്ന കണക്കിലാണ് ഈ തുക അടയ്ക്കുന്നത്. എന്നാൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോററ്റിയുമായി സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ തുക അടയ്ക്കുന്നത് എന്ന് ഉറപ്പുവരുത്താനാവില്ല. അവസാനമായി സംയുക്ത പരിശോധന നടത്തിയത് ഏത് തീയതിയിലാണെന്ന് വ്യക്തമല്ല.
സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്തയിടങ്ങളിൽ ടാപ്പുകൾ ഒഴിവാക്കുകയും പ്രവർത്തന ക്ഷമമായവയുടെ കൃത്യമായ എണ്ണം കണക്കാക്കുകയും ചെയ്താൽ അധികച്ചെലവ് ഒഴിവാക്കുന്നതിനും മറ്റ് അനിവാര്യ ചുമതലകൾക്ക് തുക ചെലവഴിക്കുന്നതിനും കഴിയും. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-16 കാലിത്തൊഴുത്ത് നവീകരണം - തുക അധികം ചെലവഴിച്ചു

**വെറ്റിനറി സർജ്ജൻ നടപ്പാക്കിയ കാലിത്തൊഴുത്ത് നവീകരണം സ്പിൽ ഓവർ (പ്രോജക്ട് നം. S0131/2020 ) പ്രോജക്ട് പ്രകാരം 2 ഗുണഭോക്താക്കൾക്ക് 35000 രൂപ വീതം ആകെ 70000 രൂപ നൽകിയിട്ടുണ്ട്. 13ാം സബ്സിഡി മാർഗ്ഗ രേഖ ജി ഓ എം എസ് 22/18 തീ .14.2.2018 ഖ.6.2.19 പ്രകാരം കാലിത്തൊഴുത്ത് നവീകരണത്തിന് എസ് സി വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 30000 രൂപയാണ്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കു പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെചേർക്കുന്നു.**

| ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം | വാർഡ് നം. | കൈപ്പറ്റിയ ആനുകൂല്യം | നൽകാവുന്നത് | അധികം നൽകിയത് | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| **രാധാകൃഷ്ണൻ കെ. ശ്രീചിത്തിര, കരിമുളയ്ക്കൽ** | **9** | **35000** | 30000 | 5000 | **2/20.719** |
| **ലോല ആർ, പുത്തൻ വിളയിൽ** | **15** | **35000** | 30000 | 5000 | **1/20.719** |

**തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 21/29.3.2021) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ അധികം ചെലവഴിച്ച 10000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.**

1-17 അഗതി ആശ്രയ - ജില്ലാപഞ്ചയത്ത് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു

അശരണരണായവർക്കും സാമൂഹികമായി പാർശ്വവൽകിരിക്കപ്പെട്ടവർക്കും താങ്ങും തണലും നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട് വിവിധ ആനുകൂല്യങ്ങൾക്ക് അർഹരായ 170 ഗുണഭോക്താക്കളുണ്ട്. ഇവരിൽ 48 പേർക്ക് പാർപ്പിടം ആവശ്യമായുണ്ട്. വീട് മെയിന്റനൻസിന് അർഹരായ 101 ഗുഅഭോക്താക്കളുമുണ്ട്. എന്നാൽ തൻവർഷം വീട് 3 ഗുണഭോക്താക്കൾക്ക് പുനരുദ്ധാരണത്തിനുള്ള ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ട് മാത്രമാണ് തൻവർഷംനടപ്പാക്കിയത്. ആശ്രയ ബാങ്ക് അക്കൗണ്ടിൽ 31.3.2020 തീയതിയിൽ 1241319 രൂപ നീക്കിയിരിപ്പുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ചലഞ്ച് ഫണ്ട് | 606140 |
| വീട് പുനരുദ്ധാരണം | 150000 |
| | |

| | |
|---|---|
| വീട് നിർമ്മാണം | 250000 (ജില്ലാപഞ്ചയത്ത് വിഹിതം) |
| ആശ്രയ ഗുണഭോക്താക്കളുടെ ഹെൽത്ത് ഇൻഷുറൻസ് | 25600(പഞ്ചായത്ത് ഫണ്ട്) |
| പലിശ | 209579 |

2016-17 വർഷം വീട് നിർമ്മാണത്തിന് ജില്ലാപഞ്ചയത്ത് വിഹിതമായി ലഭിച്ച 1750000 രൂപയിൽ 1500000 രൂപ മാത്രമാണ് ചെലവഴിച്ചത്. 2500000 രൂപ നീക്കിയിരിപ്പായി ശേഷിക്കുന്നു. ആനുകൂല്യത്തിന് അർഹയായ ദേവകി, കല്ലുകഴിയിൽ എന്ന ഗുണഭോക്താവ് മരണപ്പെട്ടു എന്ന കാരണത്താലാണ് ഈ തുക ചെലവഴിക്കാതിരുന്നത് . പദ്ധതിത്തുക വർഷങ്ങളോളം നിഷ്ക്രയമായി അക്കൗണ്ടിൽ ശേഷിച്ചത് ശരിയായ നടപടിയല്ല. . അർഹരായ 101 ഗുണഭോക്താക്കൾ ഉള്ളപ്പോഴാണ് തുക ചെലവഴിക്കാതിരുന്നത് എന്നത് ആശ്രയ ഗുണഭോക്താക്കളോടുള്ള അവഗണനയാണ് സൂചിപ്പിക്കുന്നത്. അർഹരായ മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക പലിശ സഹിതം ജില്ലാപഞ്ചായത്തിലേക്ക് തിരികെ അടയക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അവരെ മുഖ്യ ധാരയിലേക്ക് എത്തിക്കുക എന്ന കർത്തവ്യം നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-18 ഐ എസ് ഒ സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള വാങ്ങലുകൾ- പ്രോക്യൂർമെന്റ് മാനുവൽ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ വിവരങ്ങൾ : ഐ എസ് ഓ സർട്ടിഫിക്കേഷനായി റിക്കോഡ് റൂം (പ്രോജക്ട് നം.S066/2020

ഗ്രാമപഞ്ചായത്തിൽ ഐ എസ് ഓ സർട്ടിഫിക്കേഷൻ നടത്തുന്നതിന്റെ ഭാഗമായി നടത്തിയ റിക്കോഡ് റൂം സജ്ജീകരിക്കുന്നതിനായി സ്റ്റോറേജ് ഷെൽഫ്, ഓഫീസ് ഫർണിഷിംഗിനായി വെർട്ടിക്കൽ ബ്ലൈൻഡ്സ് എന്നിവ വാങ്ങിയിരുന്നു. റെക്കോഡ് റൂം സജ്ജീകരിക്കുന്നതിനായി മീഡിയം ഹൈറ്റ് വുഡൻ സ്റ്റോറേജ് ഷെൽഫ് പണിയുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബ്ബർ വുഡ് എന്ന സ്ഥാപനത്തെ ടെന്റർ നടപടികൾ കൂടാതെ ഏല്പിച്ചിരുന്നു. 31.9 ച.മീ വിസ്തീർണ്ണത്തിലള്ള സ്റ്റോറേജ് ഷെൽഫ് സ്ഥാപിക്കുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയിരുന്നത്. ഇതിൻ പ്രകാരം മീനച്ചിൽ റബ്ബർ വുഡ് 2 ഫയൽ സ്റ്റോറേജ് ഷെൽഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ വിലയായി 820668 രൂപ (ചെക്ക്നം.2763581/6.1.20-526918 രൂപ, 293750-10/14.8.19))ചെലവഴിച്ചു. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) 2010 ലെ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം വാങ്ങേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ , എസ്റ്റിമേറ്റ് എന്നിവ തയാറാക്കേണ്ടതാണ്.എന്നാൽ വാങ്ങലിനു മുൻപായി സ്റ്റോറേജ് ഷെൽഫ് എന്നിവയുടെ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് അസിസ്റ്റന്റ്എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നില്ല.

2) വാങ്ങിയ ഉപകരണം സ്പെസിഫിക്കേഷൻ ബിൽ പ്രകാരമുള്ളതാണോയെന്ന് പരിശോധിച്ച് തിട്ടപ്പെടുത്തിയിട്ടില്ല.

3) ഉപകരണം സ്റ്റോക്കിൽ ഉൾപ്പെടുത്തിട്ടില്ല.

4) 2007ലെ ജി എസ് റ്റി ആക്ട് സെക്ഷൻ 51 പ്രകാരം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ജി എസ് റ്റി തുകയിൽ നിന്ന് 2% തുകസോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. ഇതിൻ പ്രകാരം സ്റ്റോറേജ് ഷെൽഫ് വാങ്ങുന്നതിനായി ചെലവഴിച്ച 820668 രൂപ യിൽ നിന്ന് ജി എസ് റ്റി ഇനത്തിലെ 125186 രൂപ കിഴിച്ചുള്ള 695502രൂപയുടെ 2% തുകയായ കുറവ് ചെയ്തിട്ടില്ല.
5)ജി ഓ (പി) നം.21/17/Spd/ 13.3.17 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പർച്ചേസ് ചെയ്യുമ്പോൾ സാധനങ്ങളുടെ വില കമ്പോള വിലയിൽ കൂടുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ വാങ്ങലുകൾ നടത്തിയിതിൽ അപ്രകാരം ഒരു സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം.10/24.3.2021) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റ് തയാറാക്കാതെയും വാങ്ങിയ ഉപകരണങ്ങളുടെ അളവിന്റെ കൃത്യത പരിശോധിക്കാതെയും തുക ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം10/)മറുപടി ലഭ്യമാക്കാതിരുന്നതിനാൽ ആകെ ചെലവ് തുക ചെലവ് തുക 820668 രൂപ തടസ്സപ്പെടുത്തുന്നു. ജി എസ്റ്റി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 13910രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-19 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

പൊതു മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന

അപാകതകൾ കാണുന്നു.

1. 2019-20 വർഷത്തെ ചെലവ് പത്രിക പ്രകാരം 104 പദ്ധതികൾ നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 24 മരാമത്ത് പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത് (16.5% പദ്ധതി ചെലവ് ). നടപ്പാക്കാൻ കഴിയുന്നവിധത്തിൽ പദ്ധതികൾ ഏറ്റെടുത്ത് ,അവ സാമ്പത്തികവർഷം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

2.തൻവർഷം ഏറ്റെടുത്ത എസ്.സി.പി. വിഭാഗം പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. ടെൻഡർ സ്വീകരിച്ചതിനുശേഷം ടെൻഡർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകിയതിന്റെ വിവരങ്ങൾ മിക്ക ഫയലുകളിലും ഉൾപ്പെടുത്തുന്നില്ല.

4. എഗ്രിമെന്റ് രജിസ്റ്റർ പരിപാലിച്ചുവരുന്നുവെങ്കിലും, കരാർ കാലയളവ് രേഖപ്പെടുത്തുന്നില്ല.

5. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. തൻവർഷത്തെ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

6.അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

1-20 റോഡ് പ്രവർത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം

ചീഫ് എഞ്ചിനിയറുടെ ഡി.ബി3/ 4620/ 12/. സി.ഇ./ത.സ്വ.ഭ.വ. തീയതി 18-05-2016ലെ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവർത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% പ്രത്യേകമായി മാറ്റിവെച്ച് ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി റോഡുകൾ ടാറുചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 2019-20 വർഷം ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർവഹിച്ച പദ്ധതികളുടെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.05 തീയതി.29.03.21) ലഭ്യമാക്കിയ മറുപടി പ്രകാരം താഴെപ്പറയുന്ന വർക്കുകൾ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി നിർവ്വഹിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്.

1. റിടാറിംഗ് കപ്പകശ്ശേരിൽ തെക്ക്-തുണ്ടത്തിൽ ജംഗ്ഷൻ- 145.02kg

2വാലുതുണ്ടിൽ ജം. മുതൽ മറ്റത്ത് ജംഗ്ഷൻ വരെ -101.38kg.

3. പാലത്തടത്തിൽ മുക്ക്-കൊട്ടാരത്തിമല ജം. -105.78kg

4.കരീർത്തടി ജം.മുതൽ പള്ളിക്കൽതോട് വരെ -134.50kg

5.കാട്ടൂർത്തറ കോളനി മുതൽ കോട്ടപ്പാടം റോഡ് റിടാറിംഗ് -56.72kg

ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% വരുന്ന പ്രവർത്തികൾ ഷ്രഡഡ് പ്ലാസ്റ്റിക് മാത്രം ഉപയോഗപ്പെടുത്തി നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണം- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണ വിതരണം- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഗവ.എൽ.പി.എസ്സ്. ചുനക്കര, ഗവ.യു.പി.എസ്സ്. ചുനക്കര എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് 2,50,000 രൂപ പൊതുവിഭാഗം വികസനഫണ്ടും 500000 രൂപ പ്രത്യേക ഘടകപദ്ധതി ഫണ്ടും ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത് (നം. 13/20(ജനറൽ) (നം. 14/20 SCP)നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സ് നേരിട്ട് നിർവ്വഹണം നടത്തുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. നേരിട്ടുള്ള നിർവ്വഹണം ആയതിനാൽ, ഭക്ഷണം, പാചകക്കൂലി എന്നീ ഇനങ്ങളിലായി ഒരു കുട്ടിക്ക് പ്രതിദിനം പരമാവധി എത്ര തുക ചെലവഴിക്കാം എന്നത് സംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങൾ ഒന്നുംതന്നെ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ല. ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 27 രൂപയിൽ അധികരിക്കാത്ത തുക പ്രതിദിനം ചെലവഴിക്കുന്നതിന് അനുവദിക്കണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ അപേക്ഷ പരിഗണിച്ച് 2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു (08.07.2018-ലെ I(9) നമ്പർതീരുമാനം). ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് വർഷവും പദ്ധതി നടപ്പിലാക്കിയത് എന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/33.03.21) മറുപടി ലഭ്യമാക്കിയത്. ഭക്ഷണം, പാചകക്കൂലി എന്നീ

ഇനങ്ങളിലായി ഒരു കുട്ടിക്ക് പ്രതിദിനം പരമാവധി എത്രതുക ചെലവഴിക്കാമെന്നതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നുംതന്നെ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ, നിർവ്വഹണ ഉദ്യോഗസ്ഥ ഭക്ഷണചെലവ് തുക ശുപാർശ ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. മാത്രമല്ല, നേരിട്ട് നിർവ്വഹണം നടത്തുമ്പോൾ, ഓപ്പൺ മാർക്കറ്റിൽ നിന്ന് ഭക്ഷ്യ സാധനങ്ങൾ സമാഹരിക്കുന്നതിലും, ട്രഷറി വഴി ചെലവ് തുക മാറി നൽകുന്നതിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ, ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിച്ച് സേവന ദാതാവിനെ കണ്ടെത്തി, അവരുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതോ, റണ്ണിംഗ് കോൺട്രാക്ട് സംവിധാനം വഴി പദ്ധതി നടപ്പിലാക്കുന്നതോ ആണ് ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് ഉചിതമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വരും വർഷങ്ങളിൽ പ്രഭാത ഭക്ഷണ പദ്ധതി നടപ്പിലാക്കുമ്പോൾ നിർവ്വഹണ രീതി സംബന്ധിച്ച ഓഡിറ്റ് ശുപാർശ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയ്ക്കായി സമർപ്പിക്കുന്നു.

## 1-22 നിക്ഷേപ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രമനം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവ് വിരങ്ങൾ | വിനിയോഗ സാക്ഷ്യ പത്രം ലഭിക്കേണ്ട തുക | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രകാശപൂരിതം -ചുനക്കര(വൈദ്യുതി ലൈൻ ദീർഖിപ്പിക്കൽ), (S035/20) | 26/11.3.2020 | 25724 | കെ എസ് ഇ ബി , ചാരുംമൂട് | |
| 2 | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(S0110/20) | 3/12.6.19 | 431000 | കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | |
| 3 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 5/12.6.19-168976 4/12.6.19-531000 | 41300 | ഇലക്ട്രിക്കൽ ചെക്ഷൻ,കറ്റാനം | 168976 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും 489700 രൂപയുടെ വിനയോഗ സാക്ഷ്യപത്രവും ലഭിച്ചിരുന്നു. ലഭിക്കാൻ അവശേഷിക്കുന്ന 41300 രൂപ മറ്റ് നിക്ഷേപ പ്രവർത്തികൾക്കായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്. |
| 4 | പന്തിരുകുലം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി(S0220/20) | ചെക്ക് നം. 000158/20..2020 | 70000 | ഭൂജലവകുപ്പ്, ആലപ്പുഴ | |
| | ആകെ | | 568024 | | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 568024 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - ബില്ലിൽ ജി എസ് റ്റി രേഖപ്പെടുത്തിയിട്ടില്ല

ഐ സി ഡി എസ് സൂപ്പർവൈസർ മുഖേന നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ സ്പിൽ ഓവർ പ്രോജക്ട് (നം.S0126/20) പ്രകാരം മുണ്ടികുന്നേൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് 3690 രൂപ നിരക്കിൽ 81കട്ടിലുകൾ വാങ്ങിയ ഇനത്തിൽ 248740 രൂപ (ബിൽ നം.4/22.7.19) ചെലവഴിച്ചിരുന്നു. സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം നിയമാനുസൃത ജി എസ് റ്റി 18 ശതമാനം ഈടാക്കിയിട്ടില്ല. ജി എസ് റ്റി രേഖപ്പെടുത്തിയിട്ടില്ലാത്ത ബിൽ പ്രകാരം വാങ്ങൽ നടത്തിയിത് മൂലം സംസ്ഥാന സർക്കാരിന് ഉണ്ടായ 44773 രൂപയുടെ നഷ്ടംകരാറുകാരനില് നിന്ന് ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

**1-24 സി.എച്ച്.സി.മെഡിക്കൽ ഓഫീസർ (അലോപ്പതി) നടത്തിയ ആരോഗ്യ ജാഗ്രതാ ശുചീകരണപ്രവൃത്തികൾ -ചെലവു രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സത്തിൽ വെയ്ക്കുന്നു.**

2019-20 സാമ്പത്തികർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി പ്രകാരം ആരോഗ്യ ജാഗ്രതാ ശുചീകരണപ്രവൃത്തികൾ നടത്തുകയുണ്ടായി. ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| വൌച്ചർ നമ്പർ | തുക | ചെക്ക് നമ്പർ / തീയതി |
|---|---|---|
| 70/19 (21900401) | 150000 | 023594/20.08.19 |

മഴക്കാല പൂർവ്വ ശുചീകരണത്തിലൂടെ രോഗപ്രതിരോധത്തിനായി തുടർനടപടികൾ സ്വീകരിക്കുന്നതിനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാനുമുള്ള പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി ശുചീകരണപ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ഏറ്റെടുത്തു നടത്തുന്നതിനുമായി ഓരോ വാർഡിനും 10000 രൂപ വീതം ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.07.2019 ലെ 8(2) തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന്നും ശുചിത്വമിഷൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റീക്കപ്പ്ചെയ്യുമെന്ന വ്യവസ്ഥ പ്രകാരം 15 വാർഡുകളിലേക്കായി 150000 രൂപ വാർഡ് കൺവീനർമാരുടെ അക്കൌണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് 29.03.2021 ഓഡിറ്റ് എൻക്വയറി നമ്പർ-20 ലൂടെ അറിയിച്ചിരുന്നു.എന്നാൽ ചെലവുരേഖകൾ അധികൃതർ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്കായി കൈമാറ്റം ചെയ്ത 150000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. 31-03-2020 ൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ശുചിത്വ മിഷൻ ഫണ്ട് തനതുഫണ്ടിലേക്ക് മാറ്റിയിടേണ്ടതാണ്.

**1-25 തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല- വൈദ്യുതചാർജ്ജ് ഇനത്തിൽ .**

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജ് ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 86421 രൂപയാണ്. ഇപ്രകാരം പ്രതിവർഷം 1034892 രൂപ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിക്കേണ്ടതായി വരുന്നു. തുകയിലെ വർദ്ധനവിന്റെ പ്രധാന കാരണം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതിനാലാണ്.

ബേർണിംഗ് അവേഴ്സ് പ്രകാരമാണ് തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇപ്പോഴും ഗ്രാമപഞ്ചായത്ത് നൽകിവരുന്നത്. തെരുവ് വിളക്കിൽ മീറ്റർ സ്ഥാപിക്കുക എന്നത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല.

07.07.2010ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഇതിനായി യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുക 31.03.2013 നു മുൻപ് അടയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കെഎസ്ഇബി 50ശതമാനം ഇളവ് പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യം നേടിയെടുക്കുന്നതിലും ഗ്രാമപഞ്ചായത്ത് താല്പര്യം കാണിച്ചില്ല എന്നത് വളരെ വ്യക്തമാണ്. ഉയർന്ന ഊർജ്ജ ഉപഭോഗമുള്ള ലാമ്പുകൾ പൂർണ്ണമായി ഒഴിവാക്കുകയും ഊർജ്ജഉപഭോഗം കുറവുള്ള വിളക്കുകൾ സ്ഥാപിക്കുകയും തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും തനത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ് കുറയ്ക്കുന്നതിന്നതിനും അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിന് ഇത് വളരെ വലിയ ബാധ്യതയാണ്. അതോടൊപ്പം വികസന സ്റ്റാന്റിംഗ് കമ്മിറ്റി,ഭരണസമിതി എന്നിവരുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

**1-26 തൊഴിലുറപ്പ് പദ്ധതി- അവലോകനം**

| | |
|---|---|
| ആക്ഷൻപ്ലാൻ പ്രകാരം 19-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 1058 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ<br>തൻവർഷം<br>ആകെ | 46<br>50<br>96 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | 36 |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | 60 |
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 30 |

| | |
|---|---|
| പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 19-20 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 3348 |
| 100 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം | 11 |
| <u>തൻവർഷത്തെ ആകെ ചെലവ്</u><br>തൊഴിലാളികളുടെ കൂലി<br>Unskilled<br>Material<br>Semi-Skilled And Skilled Wage<br>അഡ്മിനിട്രേറ്റീവ് ചെലവ്<br>ആകെ | <br>10893116<br>8288206<br>76950<br>1280750<br>20197386 |

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും,ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-27 ജോയിന്റ് വെൻച്വർ പദ്ധതികൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിയ്ക്കുന്ന തുക തിരികെ അടയ്ക്കുന്നില്ല.</u>

സ.ഉ.(പി).നം.07/2017/ഫിൻ തീയതി 23-01-2017 പ്രകാരം സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലാത്ത ജോയിന്റ് വെൻച്വർ പദ്ധതികൾക്കായുള്ള തുകകൾ ഫെബ്രുവരി 28 നകം അതത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണെന്നും മാർച്ച് 31 നകം ചെലവഴിക്കാതെ ഈ ഇനത്തിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്കും തിരിച്ചടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ട് പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം മുൻ വർഷങ്ങളിലേതുൾപ്പടെ , ബ്ളോക്ക് വിഹിതം 46,55,619/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 36,46,288/- രൂപയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നതായി കാണുന്നു.

സർക്കാർ നിർദ്ദേശപ്രകാരം ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-28 ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്</u>

ഹരിതകേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ നടത്തേണ്ടത് ഹരിത കർമ്മസേനയുടെ ആഭിമുഖ്യത്തിലാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം ഹരതകർമ്മസേനാംഗങ്ങൾക്ക് നൽകുന്നതിനായി വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ ആകെ125510 രൂപ ചെലവഴിച്ചിട്ടുണ്ട് . കർമ്മ സേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളുണ്ടെങ്കിലും 9 വാർഡുകളിൽ മാത്രമാണ് പ്ലാസ്റ്റിക് കളക്ഷൻ നടത്തി യൂസർഫീ പിരിച്ചെടുത്തിട്ടുള്ളൂ. ഹരിത കർമ്മസേനയുടെ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി പ്ലാസ്റ്റിക് നിർമ്മാർജ്ജനം ഊർജ്ജിതമാക്കേണ്ടതാണ്.

## <u>1-29 ലൈഫ് പദ്ധതി അവലോകനം</u>

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഫേസ് 2 ഭവന പദ്ധതിയിൽ ഉൾപ്പെട്ട 35 ഗുണഭോക്താക്കളാണുള്ളത്. ഇവരിൽ 25 പേർ ജനറൽ വിഭാഗത്തിൽപ്പെട്ടവരും 10 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ്. ഇവരിൽ 30 പേർ 2018-19 വർഷത്തെ ഗുണഭോക്താക്കളും 5 പേർ 2019-20 ലെ ഗുണഭോക്കളുമാണ്. 2019-20 വർഷം ഫേസ് 3 യിൽ നിന്ന് ഫേസ് 2 വിലേക്ക് മാറി എഗ്രിമെന്റ് വെച്ചവർ 47 ആണ് (ജനറൽ വിഭാഗം - 26,പട്ടികാതി വിഭാഗം-21). ഇവരിൽ 44പേർ (26 ജനറൽ, 18 പേർ പട്ടികജാതി വിഭാഗം) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നിർമ്മാണത്തിന്റെ സ്റ്റേജ് | റിമാർക്സ് |
|---|---|---|---|
| 1 | സന്ധ്യ മനോജ്, മുട്ടുവിളകുറ്റിയിൽ | റൂഫ് ലെവൽ | ടി ഗുണഭോക്താവിന് വ്യക്തിപരമായ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ അവസാന ഗഡു 100000 രൂപ നൽകിയിട്ടില്ല. |
| 2 | ശംഭുമോൻ, കണ്ണൻ ഭവനം | ആരംഭിച്ചിട്ടില്ല | ടി വ്യക്തി നാളിതുവരെ നിർമ്മാണം ആരംഭിക്കാതിരുന്നതിനാൽ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | നൽകിയ 40000 രൂപ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്ത് കമ്മറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 3 | ലത, വെള്ളക്കല്ലിൽ | ആരംഭിച്ചിട്ടില്ല | |

ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടയന്തിര നടപടികൾ സ്വീകരക്കേണ്ടതാണ്. ക്രമ നം.3 ലെ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ താല്പര്യപ്പെടാത്തതിനാൽ ടിയാന് നൽകിയ 40000 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കാലിത്തൊഴുത്ത് നവീകരണം - തുക അധികം ചെലവഴിച്ചു

**വെറ്റിനറി സർജ്ജൻ നടപ്പാക്കിയ കാലിത്തൊഴുത്ത് നവീകരണം സ്പിൽ ഓവർ (പ്രോജക്ട് നം. S0131/2020 ) പ്രോജക്ട് പ്രകാരം 2 ഗുണഭോക്താക്കൾക്ക് 35000 രൂപ വീതം ആകെ 70000 രൂപ നൽകിയിട്ടുണ്ട്. 13ാം സബ്സിഡി മാർഗ്ഗ രേഖ ജി ഓ എം എസ് 22/18 തീ .14.2.2018 ഖ.6.2.19 പ്രകാരം കാലിത്തൊഴുത്ത് നവീകരണത്തിന് എസ് സി വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 30000 രൂപയാണ്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കു പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെചേർക്കുന്നു.**

| ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം | വാർഡ് നം. | കൈപ്പറ്റിയ ആനുകൂല്യം | നൽകാവുന്നത് | അധികം നൽകിയത് | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| **രാധാകൃഷ്ണൻ കെ. ശ്രീചിത്തിര, കരിമുളയ്ക്കൽ** | **9** | **35000** | 30000 | 5000 | **2/20.719** |
| **ലോല ആർ, പുത്തൻ വിളയിൽ** | **15** | **35000** | 30000 | 5000 | **1/20.719** |

**തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/29.3.2021) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ അധികം ചെലവഴിച്ച 10000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.**

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | വാർഷിക ഓഡിറ്റിനൊപ്പം | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1785000 | സമഗ്ര നെൽകൃഷി വികസനം(S0015/20) | 1029000 | 756000 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 1050000 | സമഗ്ര നെൽകൃഷി വികസനം(S0015/20) | 1050000 | 0 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ആശ്രയ പദ്ധതി(S0029/20) | 200000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | പ്രകാശ ഭരിതം ചുനക്കര(വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ)(S0035/20 | - | 1000000 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | കേരള വാട്ടർ അതോറിറ്റി-പൈപ്പ് ലൈൻ എക്സ്റ്റൻ(S0036/20) | - | 500000 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | അനുപൂരക പോഷകാഹാര പരിപാടി(S0045/20) | 1,00,000 | 1,00,000 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | സാന്ത്വന സ്പർശം-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(S0046/20) | 2,00,000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 325000 | സാന്ത്വന സ്പർശം-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(S0046/20 | 325000 | |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | വയോജനവാടി(S0053/20 | 127883 | 272117 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | പാലിന് സബ്സിഡി(S0058/20 | 500000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | പാലിന് സബ്സിഡി(S0058/20 | 300000 | 0 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ലൈഫ് ഭവന നിർമ്മാണം ഫേസ്2 ജനറൽ(So210/20) | 200000 | 0 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 901471 | ലൈഫ് ഭവന നിർമ്മാണം ഫേസ്2 എസ്.സി(So210/20) | 0 | 901471 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2019-20 | 900000 | ലൈഫ് ഭവന നിർമ്മാണം ഫേസ്2 എസ്.സി(So210/20) | 0 | 900000 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | ലൈഫ് ഭൂമി വാങ്ങൽ ഫേസ്2 ജനറൽ(So212/20) | 800000 | 200000 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | വയോജനവാടിക്ക് ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ(So219/20 | 0 | 200000 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5516637 | ലൈഫ് ഭവന പദ്ധതി എസ് സി പി | 280000 | 271637 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവ് വിരങ്ങൾ | വിനിയോഗ സാക്ഷ്യ പത്രം ലഭിക്കേണ്ട തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| പ്രകാശപൂരിതം | 26/11.3.2020 | 25724 | കെ എസ് ഇ ബി |

| | | | |
|---|---|---|---|
| -ചുനക്കര(വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ),(S035/20) | | | , ചാരുംമൂട് |
| വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(S0110/20) | 3/12.6.19 | 431000 | കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ |
| വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 5/12.6.19-168976 4/12.6.19-531000 | 699976 | ഇലക്ട്രിക്കൽ ചെക്ഷൻ,കറ്റാനം |
| പന്തിരുകുലം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി(S0220/20) | ചെക്ക് നം. 000158/20..2020 | 70000 | ഭൂജലവകുപ്പ്, ആലപ്പുഴ |
| ആകെ | | 1226700 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി മരാമത്ത് പ്രവർത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 13,80,000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്)100/18തസ്വഭവ തീ.30.07.18 | 1380000 | 29,40,000 | 4,41,176. | .... | 3878824 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭം ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല. |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | - |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-24 1(2) | 2005-06-2006-07 | 91 | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിയോഗിക്കപ്പെട്ട കൺവീനർക്കെതിരെയാണ് R.R നടപടി സ്വീകരിക്കുന്നത് | പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് പദ്ധതിയുടെ കൺവീനർക്ക് ആർ. ആർ നടപടി സ്വീകരിക്കുന്നതിന്ജില്ലാ കളക്ടർക്ക്12-03-2012 ൽ |

റികവസിഷൻ നൽകിയിരുന്നു. ടിയാൻ സ്ഥലത്തില്ലാത്തതിനാലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതിനാ ലുംആർ. ആർ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നു

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56585204 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്[28] | 5,75,97,925 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1965492 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10000 | ഡോ.ലക്ഷ്മി വെറ്ററിനറി സർജൻ |
| ആകെ | | 10000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 426800 | ഹരികുമാർ.കെ.ജി[28]<br>സെക്രട്ടറി |
| 1-18 | 820668 | ഹരികുമാർ.കെ.ജി<br>സെക്രട്ടറി |
| 1-22 | 568024 | ഹരികുമാർ<br>സെക്രട്ടറി |
| 1-24 | 150000 | ഡോ.സേതു മാധവൻ<br>മെഡിക്കൽഓഫീസർ, സി.എച്ച.സി |
| ആകെ | 1965492 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം 1-14 4268 ആദായ നികുതി

ഖണ്ഡിക നം 1-14 8536 ജി.എസ്.ടി

ഖണ്ഡിക 1-18 13910 ജി.എസ്.ടി

ഖണ്ഡിക 1-23 44773 ജി.എസ്.ടി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരികുമാർ.കെ.ജി,<br>സെക്രട്ടറി | സെക്രട്ടറി,<br>നൂറനാട് ഗ്രാമപഞ്ചായത്ത് | പല്ലവി, ഇരേഴ വടക്ക്<br>ചെട്ടികുളങ്ങര |
| ഡോ.സേതുമാധവൻ<br>മെഡിക്കൽ<br>ഓഫീസർ<br>സി.എച്ച്.സി<br>ചുനക്കര | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>അരൂക്കുറ്റി | സരോവരം<br>അരൂക്കുറ്റി.പി.ഒ<br>ചേർത്തല |
| ഡോ. ലക്ഷ്മി<br>വെറ്ററിനറി സർജൻ | ഡോ. ലക്ഷ്മി<br>വെറ്ററിനറി സർജൻ | നന്ദനം<br>കൈത തെക്ക്<br>ചെട്ടികുളങ്ങര |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2000-01 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011/31.03.2011 |
| 2010-11,11-12 | എൽ.എഫ്.പി.6/370/2014/23.06.2014/ 08.08.2014 |
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2013-14 | കെ.എസ്.എ/എ.എൽ.പി./പി.6-1080/2015/18.09.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ/എ.എൽ.പി./പി.12-820/2016/26.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി./പി12/ 1538/16 തീയതി,27.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി12 -1189/2017 തീയതി,13.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി12 -1202/2018തീയതി,03.09.2018 |
| 2018-19 | നം. കെ.എസ്.എ/എ.എൽ.പി./പി12-303/2020 തീയതി 28-05-2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്